**പതിമൂന്നാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി

**(2011-2014)**

## ഒന്നാമത് റിപ്പോർട്ട്

(സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച്)

(2012 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2012

പതിമൂന്നാം കേരള നിയമസഭ

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011–2014)

ഒന്നാമത് റിപ്പോർട്ട്

(സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച്)

1168/2012.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം. എൽ. എ.
ശ്രീ. കെ. ദാസൻ, എം. എൽ. എ.
ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.
ശ്രീ. എ. റ്റി. ജോർജ്, എം. എൽ. എ.
ശ്രീ. ഹൈബി ഈഡൻ, എം. എൽ. എ.
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം. എൽ. എ.
ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.
ശ്രീ. റ്റി. എൻ. പ്രതാപൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീമതി കെ. ലൈലാബീവി, അഡീഷണൽ സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. കെ. സുരേഷ്‌കുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

മത്സ്യബന്ധനം ഉപജീവനത്തിനുള്ള മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ജീവിതനിലവാരം ഉയർത്തുന്നതിന് കേന്ദ്ര/സംസ്ഥാന സർക്കാരുകളും ഇതര സംഘടനകളും അനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവ ശരിയായ രീതിയിൽ നടപ്പാക്കുകയോ വേണ്ടത്ര ഫലപ്രാപ്തി കൈവരിക്കുകയോ ചെയ്തിട്ടില്ല. സാമ്പത്തിക, സാമൂഹിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന മത്സ്യബന്ധന അനുബന്ധ മേഖലകളിൽ തൊഴിലെടുക്കുന്നവർ നിരവധി പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വരുന്നു. തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത ഈ ജനവിഭാഗങ്ങൾക്കായി അനവധി ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇന്നും പല കുടുംബങ്ങളും ഭവനരഹിതരായിതന്നെ കഴിയുന്നു. സുനാമിമൂലമുണ്ടായ നാശനഷ്ടങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവന്ന ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. സുനാമി റിഹാബിലിറ്റേഷൻ സംബന്ധിച്ച കണക്ക് പരിശോധിച്ച സമിതിക്ക് പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക വിവിധ മേഖലകളിലായി ചെലവഴിച്ചിരിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ സുനാമി ബാധിതർക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പല പദ്ധതികളുടേയും ആനുകൂല്യങ്ങൾ അർഹരായ എല്ലാപേർക്കും ലഭിച്ചിട്ടില്ലെന്ന പരാതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകളും ഇതര ഏജൻസികളും ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും പോരായ്മകൾ ചൂണ്ടിക്കാട്ടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുംവേണ്ടി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെയും 22-12-2011, 30-1-2012 എന്നീ തീയതികളിൽ കരുനാഗപ്പള്ളി, കൊച്ചി എന്നിവിടങ്ങളിൽ നടത്തിയ സന്ദർശനത്തിന്റെയും മത്സ്യത്തൊഴിലാളികൾ, സാമൂഹ്യപ്രവർത്തകർ, സംഘടനാ പ്രതിനിധികൾ എന്നിവരിൽ നിന്ന് നടത്തിയ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജൂൺ 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡൊമിനിക് പ്രസന്റേഷൻ,

*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2012 ജൂലൈ 11.

# റിപ്പോർട്ട്

ഇൻഡ്യയുടെ ഭൂവിസ്തൃതിയുടെ 1.18% മാത്രമേ കേരളത്തിനുള്ളൂവെങ്കിലും ഇൻഡ്യയുടെ മത്സ്യക്കയറ്റുമതിയുടെ 15% കേരളത്തിൽ നിന്നാണ് എന്ന വസ്തുത സംസ്ഥാന ജനസംഖ്യയുടെ 3.62% വരുന്ന മത്സ്യത്തൊഴിലാളികളുടെ വൈദഗ്ദ്ധ്യവും ഊർജ്ജസ്വലതയും സൂചിപ്പിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഗണ്യമായ പങ്ക് വഹിക്കുന്ന മത്സ്യമേഖല, സംസ്ഥാനത്തെ ആകെ പ്രതിശീർഷ വരുമാനത്തിന്റെ 1.2% സംഭാവന ചെയ്യുന്നുണ്ട്. കേരളത്തിൽ കടൽ മത്സ്യ മേഖലയിലും ഉൾനാടൻ മത്സ്യമേഖലയിലുമായി ഏകദേശം 11 ലക്ഷത്തോളം പേർ തൊഴിൽ ചെയ്യുന്നുണ്ട്. ഇതിൽ 2.24 ലക്ഷം പേർ പരമ്പരാഗതമായി മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയ വരാണ്. സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നാക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് മത്സ്യത്തൊഴിലാളി സമൂഹം. മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ഉന്നമനത്തിനായി മത്സ്യബന്ധന വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി ആസൂത്രിതമായ രീതിയിൽ വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ മത്സ്യമേഖലുടെ വികസനത്തിനായി നടപ്പിലാക്കുന്ന ഒരു പദ്ധതിയും വേണ്ടത്ര പ്രയോജനപ്രദമാകുകയില്ല. മത്സ്യമേഖലയുടെ വികസനത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളോട് സാമൂഹിക സമീപനം ഇല്ലാതിരുന്നാൽ ഈ രംഗത്ത് നടക്കുന്ന പ്രയത്നങ്ങൾക്കൊന്നും തന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിനു വേണ്ടി അഭിലഷിക്കത്തക്കഫലങ്ങൾ സൃഷ്ടിക്കാൻ കഴിയുകയില്ല. ആയതിനാൽ മത്സ്യമേഖലയുടെ വികസനത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളോട് ഒരു സാമൂഹിക സമീപനം അത്യാവശ്യമാണ്.

2. മത്സ്യത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, നവീകരണം, മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണം, സാനിട്ടേഷൻ സംവിധാനങ്ങൾ, ശുദ്ധജലവിതരണം, വൈദ്യുതി വിതരണം, ആരോഗ്യപരിപാലനം, ആവശ്യമായ മണ്ണെണ്ണയുടെ വിതരണം, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അനുവദിക്കൽ, സ്കൂളുകളുടെ നവീകരണം, കടൽഭിത്തി നിർമ്മാണം സർവ്വോപരി മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി വിഭാവനം ചെയ്ത് നടപ്പാക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾ എന്നിവയാണ് പരിഹരിക്കപ്പെടേണ്ട അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ. ഇവയിൽ ഭൂമി വിതരണവും ഭവനനിർമ്മാണവും മണ്ണെണ്ണ വിതരണവും സംബന്ധിച്ച കാര്യങ്ങളിൽ നിരവധി തടസ്സങ്ങൾ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ കാര്യത്തിലും പ്രഖ്യാപിതലക്ഷ്യം പൂർണ്ണമായും കൈവരിക്കാനായിട്ടില്ല.

3. സാമ്പത്തികമായും ആരോഗ്യപരമായും വളരെ പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യവും പോഷകാഹാരക്കുറവും ശ്രദ്ധേയമാണ്. യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന മാസങ്ങളിൽ സൗജന്യ റേഷൻ ലഭിക്കുമ്പോൾ

നാടൻ തോണികളിൽ മത്സ്യബന്ധനം നടത്തുന്നവർക്ക് സൗജന്യറേഷൻ ലഭിക്കുന്നില്ല. അതിനാൽ എല്ലാ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണ മെന്നും പഞ്ഞമാസങ്ങളിൽ അവർക്ക് സൗജന്യ റേഷൻ വിതരണം ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

4. പ്രകൃതിക്ഷോഭംമൂലം അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ മത്സ്യത്തൊഴിലാളി കൾക്ക് ദുരിതാശ്വാസം നൽകുക എന്നത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനലക്ഷ്യമായി പറഞ്ഞിരുന്നെങ്കിലും വഞ്ചിയും വലയും തകർന്നാൽ ഒരു രൂപ പോലും ധനസഹായമായി നൽകാൻ ബോഡിന് കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രകൃതി ദുരന്തങ്ങൾക്കിരയാകുന്നവർക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് സഹായം നൽകുവാൻ നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

5. പ്രകൃതി ദുരന്തത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് രൂപീകരിച്ച ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് അവരുടെ കൈവശമുള്ള യാനങ്ങളുടെ മൂല്യം സ്വയം നിശ്ചയിച്ച് അതിന്റെ 1.8% പ്രീമിയം അടച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്. പ്രീമിയത്തിന്റെ 25% മാത്രം മത്സ്യത്തൊഴിലാളി അടച്ചാൽ മതി. 75% സർക്കാരാണ് അടയ്ക്കുന്നത്. ആയതിനാൽ ഈ പദ്ധതി സംബന്ധിച്ച് വ്യാപകമായ പ്രചാരണം നൽകി ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രേരിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. മത്സ്യബന്ധനമേഖലയിലെ പുതിയ പ്രവണതയാണ് ഇൻബോഡ് വള്ളങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം. 75 എച്ച്.പി. മുതൽ 450 എച്ച്.പി. വരെയുള്ള എഞ്ചിൻ ഉപയോഗിച്ച് ഇൻബോർഡ് വള്ളങ്ങൾ പ്രവർത്തിപ്പിക്കുന്നത് മത്സ്യമേഖലയുടെ മുന്നോട്ടുള്ള പ്രയാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഒരു കോടി രൂപ വരെ മുതൽമുടക്കി നിർമ്മിക്കപ്പെടുന്ന ഇൻബോർഡ് എഞ്ചിൻ വള്ളങ്ങൾ പ്രകൃതിക്ഷോഭത്തിൽ തകർന്നാൽ നഷ്ടപരിഹാരം ലഭിക്കുകയില്ല. വളരെ ചെറിയ തുക മാത്രമേ ഈ സാഹചര്യത്തിൽ ധനസഹായമായി നൽകാൻ സർക്കാരിന് സാധിക്കുകയുള്ളൂ എന്നും ഇതുനിമിത്തം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അനാഥമാകുന്ന സ്ഥിതിയാണെന്നും സമിതി വിലയിരുത്തുന്നു. ധനകാര്യ സ്ഥാപനങ്ങ ളിൽ നിന്ന് വായ്പയെടുത്തു വാങ്ങുന്ന ഇത്തരം വള്ളങ്ങൾ അപകടത്തിൽപ്പെടു ന്നതുമൂലമുണ്ടാകുന്ന നഷ്ടം മത്സ്യത്തൊഴിലാളികളെ കൂടുതൽ കഷ്ടതയിലേക്ക് നയിക്കുമെന്നതിനാൽ എല്ലാത്തരം ഇൻബോർഡ് വള്ളങ്ങൾക്കും അപകടംമൂലം നാശം സംഭവിച്ചാൽ മതിയായ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്ന തോടൊപ്പം സർക്കാരിന്റെ ഭാഗത്തുനിന്ന് നഷ്ടപരിഹാരം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7. ഇടിമിന്നൽ, ഷോർട്ട് സർക്യൂട്ട് തുടങ്ങിയ കാരണങ്ങളാൽ മത്സ്യത്തൊഴിലാളി കളുടെ വീടുകൾ തീ പിടിച്ച് നശിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥ പ്രകാരം തീപിടിത്തംമൂലമുണ്ടാകുന്ന അത്യാഹിതം പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ തീപിടിത്തംമൂലം വീടുകൾക്ക് നാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. പ്രകൃതിക്ഷോഭംമൂലമോ അപ്രതീക്ഷിതമായ മറ്റ് കാരണങ്ങളാലോ അത്യാഹിതങ്ങൾ സംഭവിച്ചാൽ കടലിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് എത്തേണ്ട മെറീൻ എൻഫോഴ്സ്മെന്റിൽ മുങ്ങൽ വിദഗ്ദ്ധരില്ലാത്തതിനാൽ രക്ഷാപ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് കടൽ രക്ഷാസേനയിൽ മുങ്ങൽ വിദഗ്ദ്ധരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി നിയമിക്കണമെന്നും റഫ് സീസണിൽ അവരുടെ സഹായം തേടണമെന്നും കൂടാതെ മെറീൻ എൻഫോഴ്സ്മെന്റിൽ നീന്തൽ അറിയാവുന്നവരെ നിയമിച്ചിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9. നാടൻ യാനങ്ങൾക്കും യന്ത്രവൽകൃത ബോട്ടുകൾക്കും അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. ഡിസാസ്റ്റർ റിലീഫിൽ നിന്ന് ഫണ്ട് ലഭിക്കത്തക്കവിധം മെറീൻ എൻഫോഴ്സ്മെന്റ് ആന്റ് സീ റെസ്ക്യൂ എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം നിലവിൽ വരണമെന്നും കടലിൽ പോകുന്ന എൻഫോഴ്സ്മെന്റ് ജീവനക്കാർക്ക് നീന്തൽ അറിഞ്ഞിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. മത്സ്യബന്ധന മേഖലയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി പല ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും വളരെയധികം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇപ്പോഴും ഭവനരഹിതരായി കഴിയുന്നു. ഭവന നിർമ്മാണ പദ്ധതികൾക്ക് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകം അവർക്ക് സ്വന്തമായി ഭൂമിയില്ലായെന്നതാണ്. അതുപോലെ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് കടൽത്തീരത്തെ പുറമ്പോക്ക് പ്രദേശത്തിന് കൈവശാവകാശം നൽകിയിട്ടുണ്ടെങ്കിലും ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ ഭവന നിർമ്മാണ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹരല്ലാതായി. മാത്രവുമല്ല തീരദേശ നിയന്ത്രണ നിയമംപോലുള്ള പരിസ്ഥിതി നിയമങ്ങൾ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതികൾക്ക് തടസ്സമായിട്ടുണ്ട്. ഇത്തരം നിയമങ്ങൾ കൂടുതൽ ഉദാരമാക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു.

12. മത്സ്യത്തൊഴിലാളികളുടെ ജീവിതം വളരെയധികം ദുരിതപൂർണ്ണമാക്കിയ 2004 ഡിസംബർ 26-ാം തീയതിയിലെ സുനാമിയിൽ സംസ്ഥാനത്ത് ഏകദേശം ഇരുന്നൂറോളം ജീവനും ആയിരക്കണക്കിനാളുകളുടെ കിടപ്പാടങ്ങളുമടക്കം സർവ്വസ്വവും കടൽ കവർന്നു. കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമമാണ് ദുരന്തത്തിന്റെ ഭീകരത ഏറ്റവും അടുത്തറിഞ്ഞത്. ഏകദേശം 146 പേർ ഇവിടെ മരിച്ചു. ആയിരങ്ങൾ എല്ലാം നഷ്ടപ്പെട്ട് അഭയാർത്ഥികളായി.

13. സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ കൊല്ലം ജില്ലയിൽ അനുവദിച്ച 30 അംഗൻവാടികൾക്ക്, ഓരോന്നിനും മൂന്നുലക്ഷത്തി അൻപതിനായിരം രൂപയായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ ഹൗസിംഗ് ബോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഓരോന്നിനും രണ്ടുലക്ഷത്തി തൊണ്ണൂറ്റി എട്ടായിരം രൂപ വകയിരുത്തിക്കൊണ്ടാണ്. അംഗൻവാടി വർക്കർ കൺവീനർ ആയ സമിതി മൂന്നുലക്ഷത്തി അൻപതിനായിരം രൂപ കിട്ടുമെന്ന ധാരണയിൽ മൂന്നെണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. എന്നാൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ രണ്ടുലക്ഷത്തി തൊണ്ണൂറ്റി എട്ടായിരം രൂപ മാത്രമാണ് അവർക്ക് ലഭിച്ചത്.

ആയതിനാൽ മറ്റുള്ള അംഗൻവാടി കെട്ടിടങ്ങളുടെ പണി ആരും ഏറ്റെടുക്കാത്ത സ്ഥിതിയിലാണ്. അതിനാൽ സർക്കാർ ഇടപെട്ട് അംഗൻവാടികളുടെ പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളുടെ പ്രധാന പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. കോളനികളിലേക്ക് വഴിയും വെള്ളം, വെളിച്ചം, സാനിട്ടേഷൻ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ സംവിധാനങ്ങളും ലഭ്യമല്ലെന്ന് സമിതിക്കറിയാൻ കഴിഞ്ഞു. അതുപോലെതന്നെ പല ഫ്ളാറ്റുകളും വയൽ നികത്തിയ ഭൂമിയിൽ നിർമ്മിച്ചിട്ടുള്ളതിനാൽ ഡ്രെയ്നേജ് സംവിധാനവും ശരിയായ രീതിയിലല്ല. ആയതിനാൽ സുനാമി പുനരധിവാസ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. സുനാമി റിഹാബിലിറ്റേഷനുമായി ബന്ധപ്പെട്ട് ആലപ്പാട് പഞ്ചായത്തിലെ ഏതാനുംപേരെ അഞ്ച് പഞ്ചായത്തുകളിലായി മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും രാത്രികാലങ്ങളിൽ താമസസ്ഥലത്തുനിന്ന് നടന്ന് മത്സ്യബന്ധനത്തിന് പോകുന്നവർക്ക് തെരുവ് നായ്ക്കളുടെ ശല്യം വളരെ കൂടുതലായി അനുഭവപ്പെടുന്നുണ്ടെന്നും മത്സ്യത്തൊഴിലാളികളിൽ നിന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. മത്സ്യബന്ധനത്തിന് പോകുന്നവർക്ക് സൗകര്യമാകുന്നവിധം ആലപ്പാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഷെൽട്ടറുകൾ സ്ഥാപിക്കണമെന്നും സുനാമി ബാധിത മേഖലകളിൽ കടൽഭിത്തി നിർമ്മിച്ചും പുലിമുട്ടുകൾ സ്ഥാപിച്ചും മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. കോസ്റ്റൽ റഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് സഹായകരമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി തീരദേശ മേഖലയിൽ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തിയതിൽ നിന്ന് സുനാമി റിഹാബിലിറ്റേഷൻ പ്രോജക്ട് ഇപ്പോഴും പൂർത്തിയായിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞു. കൂടാതെ സമിതിക്ക് ലഭിച്ച വിശദാംശ പ്രകാരം വീടുകൾ പലതും പൂർത്തിയാകാനുണ്ടെന്നും ലഭ്യമായ കണക്കുകളിൽ ചില പൊരുത്തക്കേടുകൾ ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സുനാമി ദുരന്തം നടന്ന് 7 വർഷമായിട്ടും പുനരധിവാസ പദ്ധതിക്കായി 2006 ജനുവരിയിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

18. തീരദേശമേഖലയിലെ പ്രധാന പ്രശ്നം കുടിവെള്ളത്തിന്റെ ദൗർലഭ്യവും വിതരണ സംവിധാനത്തിലെ അപാകതയുമാണ്. പല തീരപ്രദേശങ്ങളിലേയും നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം വിലകൊടുത്ത് വാങ്ങേണ്ട സ്ഥിതി നിലനിൽക്കുകയാണ്. എറണാകുളം, ആലപ്പുഴ ജില്ലകളിലെ ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ പ്രോജക്ടിൽ ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്കും തീരദേശ വാസികൾക്കും ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തീരദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. മത്സ്യവിപണനം നടത്തുന്ന സ്ത്രീകൾക്ക് വിപണന സ്ഥലത്ത് മത്സ്യം എത്തിക്കുന്നതിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഫിഷ് ലാൻറിംഗ് സെന്ററുകളിൽ നിന്ന് അവർക്ക് പ്രത്യേകമായി വാഹന സൗകര്യം ഏർപ്പെടുത്തണമെന്നും സ്ത്രീകൾ കച്ചവടത്തിന് പോകുന്ന സമയത്ത് അവരുടെ കുട്ടികളെ സുരക്ഷിതമായി പാർപ്പിക്കുന്നതിന് ഡേ കെയർ സെന്ററുകൾ ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. മത്സ്യത്തൊഴിലാളി കോളനികളിലെ സാനിട്ടേഷനുവേണ്ടി മത്സ്യബന്ധന വകുപ്പ് ഓരോ വർഷവും ആവശ്യകതളെക്കുറിച്ച് ചർച്ച നടത്തി ജില്ലകളെ തെരഞ്ഞെടുത്ത് ഫണ്ട് നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ സാനിട്ടേഷനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുളള തുക വിനിയോഗിച്ച് അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളിലും പബ്ലിക് ടോയ്ലറ്റുകൾ നിർമ്മിച്ച് ടോട്ടൽ സാനിട്ടേഷൻ പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. സംസ്ഥാന സർക്കാരിന്റെ ഡ്രീം കേരള പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളി കോളനികളിൽ ഓരോ കുടുംബത്തിനും സിംഗിൾ ടോയ്ലറ്റ് യൂണിറ്റിന് 7,500 രൂപ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സമിതിക്കറിയാൻ കഴിഞ്ഞു. അതിനാൽ ആ പദ്ധതി എത്രയുംവേഗം നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

23. പുതിയ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പരാതി ഒഴിവാക്കുന്നതിനും പദ്ധതികൾ വിജയകരമാക്കുന്നതിനുമായി ഗുണഭോക്താക്കളുടെ ഒരു വിഹിതം സംഭാവനയായി സ്വീകരിക്കുന്നതിനും റോഡ് സൗകര്യം ഇല്ലാത്ത കോളനികളിലേക്ക് നിർമ്മാണ സാമഗ്രികൾ ചുമന്നുകൊണ്ട് പോകേണ്ട സന്ദർഭങ്ങളിൽ ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സ്ഥാപിച്ചത് മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനാണ്. എന്നാൽ കടം എഴുതി തള്ളുന്നതിനായി കമ്മീഷൻ ചില നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുളളതിനാൽ എന്തിനുവേണ്ടിയാണോ കടാശ്വാസ കമ്മീഷൻ രൂപീകൃതമായത് ആ ഉദ്ദേശ്യം പൂർണ്ണമായി നടപ്പിലാക്കുന്നുണ്ടോ എന്ന് സമിതി സംശയിക്കുന്നു. ആയതിനാൽ നിബന്ധനകളിൽ ഇളവുവരുത്തി കടങ്ങൾ എഴുതിത്തള്ളുന്നതിന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുക, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ അഞ്ച് ആവശ്യങ്ങൾക്ക് പരമാവധി 75,000 രൂപയും അതിന്റെ പലിശയും ചേർത്ത് 1,25,000 രൂപയാണ് കടാശ്വാസ കമ്മീഷൻ അനുവദിക്കുന്നത്. ബാക്കിയുള്ള വായ്പത്തുക തിരിച്ചടയ്ക്കാത്തതുകൊണ്ട് റവന്യൂ റിക്കവറി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വായ്പയുടെ 75% തുകയെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസമായി അനുവദിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

26. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻകീഴിൽ സഹകരണ ബാങ്കുകളിലേക്കുള്ള പണം കടാശ്വാസ കമ്മീഷൻ നൽകിയിട്ടുണ്ടെന്നും എന്നാൽ ദേശസാൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കുമുള്ള തുക നൽകാൻ കഴിഞ്ഞിട്ടില്ലെന്നും മനസ്സിലാക്കുന്ന സമിതി ബാങ്കേഴ്സ് കമ്മിറ്റിയുടെ മീറ്റിംഗ് വിളിച്ചുകൂട്ടി പരിഹാരം കാണണമെന്ന് നിർദ്ദേശിക്കുന്നു.

27. മത്സ്യത്തൊഴിലാളികൾക്ക് ലോൺ നൽകണമെങ്കിൽ സാലറി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കിയാൽ ആരും അത് നൽകാൻ തയ്യാറാകില്ല. അതിനാൽ ആ വ്യവസ്ഥ ഇളവ് ചെയ്യണമെന്നും മത്സ്യഫെഡ്ഡിൽ നിന്ന് ലോൺ ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഹാജരാക്കുന്ന ആധാരങ്ങൾ തിരികെ നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28. അനുബന്ധ തൊഴിലാളികളുടെ വിഭാഗത്തിൽ മത്സ്യക്കച്ചവടം നടത്തുന്നവർ, ഐസ് പൊട്ടിക്കുന്നവർ, മത്സ്യം കയറ്റിയിറക്കുന്നവർ തുടങ്ങിയവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1999-ലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആക്ട് ഭേദഗതി വരുത്തിയാണ് അനുബന്ധത്തൊഴിലാളികളെ ഉൾപ്പെടുത്തിയതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ കക്കാ തൊഴിലാളികളെ അനുബന്ധത്തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ആയതിനാൽ അവരെക്കൂടി അനുബന്ധതൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിനായി മത്സ്യബന്ധന വകുപ്പിനുകീഴിൽ ഫിഷറീസ് സ്കൂളുകളും ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ സ്കൂളുകളുടെ കാര്യം ജില്ലാ പഞ്ചായത്തുകൾ പരിഗണിക്കുന്നില്ല. അതിനാൽ ടി സ്കൂളുകളുടെ മേൽനോട്ട ചുമതല അതത് പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശോചനീയമാണെന്ന് സമിതി മനസ്സിലാക്കുന്നു. വാർഷിക അറ്റകുറ്റപ്പണികൾക്കും കുട്ടികളുടെ മെസ്സിനായും നൽകുന്ന തുക മാത്രമാണ് സ്കൂളുകൾക്ക് ലഭിക്കുന്നതെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളുകളുടെ പ്രവർത്തനത്തിനായി നിശ്ചിത തുക നിക്ഷേപിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

31. നിലവിലുള്ള അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടി സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, ലൈബ്രറികൾ എന്നിവ സജ്ജീകരിക്കണമെന്നും ടോയ്‍ലറ്റ് സൗകര്യം നിർബന്ധമായും ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

32. ഫിഷറീസ് സ്കൂളുകൾ റസിഡൻഷ്യൽ സ്കൂളുകളായതിനാൽ കുട്ടികളുടെ ലഭ്യതക്കുറവുണ്ട്. വീടുവിട്ട് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കാൻ കുട്ടികൾ തയ്യാറാകുന്നില്ല. കൂടാതെ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികൾക്ക് ടി. സി. നൽകേണ്ടതായി വരുമ്പോൾ 8, 9 ക്ലാസ്സുകളിലെ മെസ് അലവൻസ് തിരികെ അടയ്ക്കണ

മെന്നാണ് വ്യവസ്ഥ. ഇത് പ്രായോഗികമല്ല. പല ഫിഷറീസ് സ്കൂളുകളിലെയും റഡിഡൻഷ്യൽ സമ്പ്രദായത്തോട് കുട്ടികൾക്കും രക്ഷിതാക്കൾക്കും താല്പര്യമില്ല. ആയതിനാൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. ഫിഷറീസ് സ്കൂളുകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും അഡ്മിറ്റ് ചെയ്യുന്നതിനുമായി റസിഡൻഷ്യൽ സമ്പ്രദായം ഓപ്ഷണൽ ആക്കണമെന്നും ഡേയ് സ്കോളർ സ്കീം കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

33. ഫിഷറീസ് സ്കൂളുകളിൽ തീരപ്രദേശങ്ങളിലെ വെള്ളമാണ് ഉപയോഗിക്കുന്നതെന്നതിനാൽ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും കുടിവെള്ളം ഫിൽട്ടർ ചെയ്ത് ഉപയോഗിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

34. ഫിഷറഷീസ് സ്കൂളുകളിലെ കുട്ടികളുടെ നിലവിലുള്ള മെസ് അലവൻസ് വളരെ കുറവാണ്. പ്രസ്തുത അലവൻസ് ഉപയോഗിച്ച് കുട്ടികൾക്ക് ആവശ്യാനുസരണം ഭക്ഷണമോ പോഷകാഹാരമോ നൽകാൻ കഴിയുന്നില്ല. ആയതിനാൽ കുട്ടികൾക്ക് മതിയായ ഭക്ഷണവും പോഷകാഹാരങ്ങളും നൽകാൻ കഴിയുന്ന തരത്തിൽ മെസ് അലവൻസ് വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കത്തക്കവിധം സർക്കാർ തലത്തിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കണമെന്നും ശുപാർശ ചെയ്യുന്നു.

35. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യമായി സംസ്ഥാന സർക്കാർ നടപ്പുസാമ്പത്തികവർഷം അനുവദിച്ച 6 കോടി രൂപ പര്യാപ്തമല്ലെന്ന് ഉദ്യോഗസ്ഥരിൽ നിന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടിയുണ്ടാകണമെന്നും ഈ ആവശ്യത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ശുപാർശ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

36. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി ക്ഷേമനിധി ബോർഡ് നൽകുന്ന 1,200 രൂപ പര്യാപ്തമല്ലെന്നതിനാൽ പ്രസ്തുത ആവശ്യത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. മത്സ്യത്തൊഴിലാളി മേഖലയിൽ പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും അവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി സഞ്ചരിക്കുന്ന ആശുപത്രികളുടെ സേവനം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

38. കൊല്ലം ജില്ലയിലെ അഴീക്കലേയും ആലപ്പാട്ടേയും ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്ന് ഡി. എം. ഒ.യിൽ നിന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. അതിനാൽ അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഏറ്റവും ദുഃഖകരമായ കാര്യം അവരുടെ മൃതദേഹം മറവുചെയ്യാൻ സ്ഥലമില്ലെന്നതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ കടൽത്തീരമാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ സ്ഥിതി മാറേണ്ടതുണ്ട് അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളികൾക്കായി പൊതു ശ്മശാനം സജ്ജമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

40. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വകുപ്പുകൾ ബാദ്ധ്യസ്ഥരാണ്. അതിനാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനം ഇക്കാര്യത്തിലുണ്ടാകുമെന്ന് സമിതി സമിതി പ്രത്യാശിക്കുന്നു.

ഡൊമിനിക് പ്രസന്റേഷൻ,

*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ*
*തൊഴിലാളികളുടെയും ക്ഷേമം*
*സംബന്ധിച്ച സമിതി*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2012 ജൂലൈ 11.